**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3051** **07-10-2025 - ൽ മറുപടിയ്ക്ക്**

**വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് നൽകുന്നതിനായി ജലവിഭവ വകുപ്പിന് കീഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ, പെരിയാർ flood forecasting system (Periyar FEWS) നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിൽ (NHP) ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട് .<br><br>കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), പ്രോഗ്രാം ഫോർ റിസൾട്ട്സിന്റെ (PforR) ഭാഗമായി, പമ്പ, മണിമല, അച്ചൻകോവിൽ നദീതടങ്ങൾക്കായി ഒരു വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം (FF & IROS - Flood Forecasting & Integrated Reservoir Operation System) ജലവിഭവ വകുപ്പ് സ്വന്തമായി വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി തൽസമയ വിവരശേഖരണ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ തൽസമയ ഡാറ്റ ലഭിക്കുന്നതിനായി നാല് ഓട്ടോമാറ്റിക് റെയിൻ ഗേജുകളും (മാട്ടുപ്പെട്ടി അണക്കെട്ട്, പൊൻമുടി അണക്കെട്ട്, ചെമ്പകപ്പാറ, പരിയാരം) അഞ്ച് ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡറുകളും (പാതാളം റെഗുലേറ്റർ, ചിന്നാർ, മുഴിക്കുളം, വെട്ടുകടവ്, വെറ്റിലപ്പാറ) നിലവിൽ ഉണ്ട്. |
| (സി) | ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി വിശദമാക്കാമോ; | (സി) | ജലവിഭവ മാനേജ്മെന്റും ദുരന്തനിവാരണ തയ്യാറെടുപ്പും മെച്ചപ്പെടുത്തുന്നതിനായി പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ റിയൽ-ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം (RTDAS), കേരള ജലസേചന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തത്സമയ ജലവിഭവ ഡാറ്റ നൽകുന്നതിനായി നാല് ഓട്ടോമാറ്റിക് റെയിൻ ഗേജുകളും (ARG-കൾ) അഞ്ച് ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡറുകളും (AWLR-കൾ) സ്ഥാപിച്ചു. ഉപകരണങ്ങളിലെ സെൻസറുകൾ മഴയുടെ അളവ്, നദിയിലെ ജലനിരപ്പ്, തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് GSM/GPRS, ഉപഗ്രഹം വഴിയായി തത്സമയം ഒരു കേന്ദ്രീകൃത ഡാറ്റാ സെന്ററിലേക്ക് അയക്കുന്നു. |

| | | | |
|---|---|---|---|
| | | | ആർ.ടി.ഡി.എ.എസ്. സ്റ്റേഷനുകളിൽ നിന്നുള്ള വിവരങ്ങൾ വകുപ്പിനും മറ്റ് പങ്കാളിത്തമുള്ള വകുപ്പുകൾക്കും ഓൺലൈൻ സെർവറിൽ നിന്നും ലഭ്യമാണ്. |
| (ഡി) | ഈ പദ്ധതിക്ക് തുക അനുവദിച്ചതിന്റെ വിശദാംശം നൽകാമോ? | (ഡി) | നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ നിന്നും പെരിയാർ FEWS സംവിധാനം വികസിപ്പിക്കുന്നതിനായി 216 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ നിന്നും റിയൽ-ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ